243136/2022

"ഭരണഭാഷ- മാതൃഭാഷ"

പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.161 03.02.2020 ൽ മറുപടി നൽകേണ്ടിയിരുന്നത്

യു. എ. പി. എ. കേസുകൾ

| ചോദ്യം<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | | മറുപടി<br>പിണറായി വിജയൻ<br>( മുഖ്യമന്ത്രി ) | |
|---|---|---|---|
| (എ) | 2016 ജനുവരി മുതൽ എത്ര പേർക്കെതിരെ യു. എ. പി. എ. കേസുകൾ ചുമത്തിയിട്ടുണ്ടെന്ന് അറിയിക്കാമോ; കേസുകൾ ചുമത്തപ്പെട്ടവരുടെ പേര് വിവരങ്ങൾ ലഭ്യമാക്കാമോ; | (എ) | യു.എ.പി.എ കേസിൽ അന്തിമ റിപ്പോർട്ട് കോടതിക്ക് മുൻപാകെ പോലീസിന് സമർപ്പിക്കണമെങ്കിൽ കേസിൽ പ്രതികൾക്കെതിരെ യു.എ.പി.എ നിയമത്തിലെ 45(1) (ii) പ്രകാരം സംസ്ഥാന സർക്കാർ പ്രോസിക്യൂഷൻ അനുമതി നൽകേണ്ടതുണ്ട്. ഇത്തരത്തിൽ അനുമതി നൽകുന്നത് പ്രസ്തുത നിയമത്തിലെ 45(2) വകുപ്പ് പ്രകാരം രൂപീകൃതമായ അതോറിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിലാണ്. ഈ സർക്കാരിന്റെ കാലത്ത് (പതിനാലാം നിയമസഭാ കാലഘട്ടം) രജിസ്റ്റർ ചെയ്ത 8 കേസുകളിൽ മാത്രമാണ് പ്രോസിക്യൂഷൻ അനുമതിക്കായി പ്രൊപ്പോസൽ സംസ്ഥാന പോലീസ് മേധാവിയിൽ നിന്നും സർക്കാരിന് ലഭിച്ചിട്ടുള്ളത്. ഇതിൽ 5 കേസുകളിൽ സർക്കാർ പ്രോസിക്യൂഷൻ അനുമതി നൽകിയിട്ടില്ല. ദേശസുരക്ഷയുമായി ബന്ധപ്പെട്ട കേസിൽ ഉൾപ്പെടുന്ന പ്രതികളുടെ പേര് വിവരങ്ങൾ നൽകുവാൻ കഴിയില്ല. |
| (ബി) | ഈ കേസുകളിലെ പ്രാഥമികമായ കണ്ടെത്തലുകൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; | (ബി) | ദേശ വിരുദ്ധ പ്രവർത്തനമാണ് യു.എ.പി.എ ചുമത്തുവാനുള്ള പ്രാഥമികമായ കാരണം. |

| | | | |
|---|---|---|---|
| (സി) | ഒരു പ്രത്യേക വിഭാഗത്തിലുള്ളവർക്കെതിരെയാണ് കൂടുതൽ കേസുകളും ചുമത്തിയതെന്ന കാര്യം ആഭ്യന്തര വകുപ്പ് പരിശോധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; ഈ വിഷയത്തിൽ ആഭ്യന്തരവകുപ്പ് സ്വീകരിച്ച നടപടികൾ അറിയിക്കുമോ; | (സി) യും (ഡി) യും (ഇ) യും, (എഫ്) യും | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | യു. എ. പി. എ. ചുമത്തിയ കേസുകൾ കോടതികളിൽ ട്രയലിനു വന്നപ്പോൾ ആഭ്യന്തര വകുപ്പിനും സർക്കാരിനും എതിരായി പരാമർശം ഉണ്ടായിട്ടുണ്ടോ; എങ്കിൽ എത്ര കേസുകളിൽ അത്തരത്തിൽ പരാമർശം ഉണ്ടായിട്ടുണ്ടെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കാമോ; | | |
| (ഇ) | യു. എ. പി. എ. കേസുകൾ പോലീസ് മന:പൂർവ്വം കെട്ടിച്ചമച്ചതായിട്ടുള്ള പരാമർശം കോടതികളിൽ നിന്നും ഉണ്ടായിട്ടുണ്ടോ; വ്യക്തമാക്കാമോ; | | |
| (എഫ്) | തെറ്റായ രീതിയിൽ കേസ് കൈകാര്യം ചെയ്യുകയും അനാവശ്യമായ വകുപ്പുകൾ നിരപരാധികളായ ചെറുപ്പക്കാരുടെ പേരിൽ ചുമത്തിയതുമായ പോലീസ് ഉദ്യോഗസ്ഥരുടെ പേരിൽ ആഭ്യന്തരവകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ? | | |

**Signed by Nadirsha S**
**Date: 27-04-2022 10:48:42**